**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **09-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിൽ കെ.എസ്.ആർ.ടി.സി. - സ്വിഫ്റ്റ് കമ്പനി സംയോജിപ്പിക്കുന്നതിന് അപേക്ഷ നൽകിയത് ആരാണെന്ന് അറിയിക്കുമോ; ഇതിന് വേണ്ടി സമർപ്പിച്ച രേഖകൾ എന്തെല്ലാമാണ്; കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിനായി ലൈസൻസോ അനുമതിയോ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനി സംയോജിപ്പിക്കുന്നതിന് (incorporation) കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറാണ് അപേക്ഷ സമർപ്പിച്ചത്. കെ.എസ്.ആർ.ടി.സി.യുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ KYC വ്യക്തി വിവരങ്ങളും സർക്കാർ ഉത്തരവുകളും പകർപ്പുകളും കമ്പനി ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനി രജിസ്ട്രാർ ഓഫ് കമ്പനീസ് 09.11.2021 തീയതിയായി പുറപ്പെടുവിച്ച ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റും ലഭ്യമായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ബി) | കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റും കെ.എസ്.ആർ.ടി.സി.യും തമ്മിൽ എന്തെങ്കിലും കരാറിൽ ഏർപ്പെടുകയോ ധാരണാപത്രം ഒപ്പുവയ്ക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 11.12.2021-ലെ G.O.(Ms)No.58/2021/TRANS ഉത്തരവ് അനുസരിച്ചാണ് KSRTC-SWIFT രൂപീകരിക്കുന്നതും പ്രവർത്തനം ആരംഭിക്കുന്നതും 07.04.2022-ൽ ചേർന്ന കെഎസ്ആർടിസിയുടെ 411-ാമത് ഭരണസമിതി യോഗത്തിൽ KSRTC – SWIFT സർവ്വീസ് 11.04.2022 മുതൽ ആരംഭിക്കുന്നത് കണക്കിലെടുത്ത് ബസുകൾക്ക് പ്രതികിലോമീറ്ററിന് നിരക്ക് നിശ്ചയിച്ച് കരാറിൽ ഏർപ്പെടുന്നത് അംഗീകരിക്കുകയും തുടർന്ന് 07.07.2022-ലെ കെ.എസ്.ആർ.ടി.സി.യുടെ 412-ാം ഭരണസമിതി യോഗത്തിൽ കെ.എസ്.ആർ.ടി.സി.-യും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റും തമ്മിലുള്ള കരാറിന്റെ നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ച് സ്വിഫ്റ്റിന് കൈമാറുകയും കെ.എസ്.ആർ.ടി.സി.–സ്വിഫ്റ്റിന്റെ നാലാമത് ഭരണസമിതിയോഗം ടി നിബന്ധനകൾ അംഗീകരിക്കുകയുമുണ്ടായി. |

| | | | |
|---|---|---|---|
| | | | 11-4-2022 മുതൽ 10 വർഷ കാലാവധിയുള്ള കരാർ 20-9-2022-ൽ ഒപ്പുവയ്ക്കുകയുണ്ടായി. |
| (സി) | കെ.എസ്.ആർ.ടി.സി.- സ്വിഫ്റ്റിന് പുതിയ ഇലക്ട്രിക്ക് ബസ്സുകൾ വാങ്ങുന്നതിന് മാനേജ്മെന്റ് ഏതെങ്കിലും വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | KSRTC – SWIFT നുവേണ്ടി 50 ഇലക്ട്രിക് ബസ് വാങ്ങുന്നതിനായി 18.06.2021-ൽ കെഎസ്ആർടിസി ഇ-ദർഘാസ് ക്ഷണിച്ചു. ഈ ടെണ്ടറിൽ രണ്ട് കമ്പനികൾ മാത്രം പങ്കെടുത്തത് കൊണ്ടും മത്സര നിരക്ക് കിഫ്ബി അനുവദിച്ച 95 ലക്ഷം രൂപ എന്നതിൽ കൂടി വന്നതിനാലും പ്രി ക്വാളിഫിക്കേഷൻ നിബന്ധനകളിൽ ഇളവ് വരുത്തുകയും പിന്നീട് 08.09.2021-ൽ വിളിച്ച ടെണ്ടറിൽ 5 കമ്പനികൾ പങ്കെടുക്കുകയും ചെയ്തു. ഏറ്റവും കുറഞ്ഞ തുകയായ 94.53 ലക്ഷം രൂപ കോട്ട് ചെയ്തത് M/s.PMI Electro Mobility Solution Pvt Ltd ആണ്. മറ്റ് കമ്പനികൾ കോട്ട് ചെയ്ത തുക ഐഷർ - 95.20 ലക്ഷം, ടാറ്റ - 110.31 ലക്ഷം, JBM - 113.00 ലക്ഷം, ലൈലാന്റ് - 117.65 ലക്ഷം രൂപ എന്നിങ്ങനെയാണ്. രണ്ടാമത്തെ ടെണ്ടറിൽ L1 സ്ഥാനത്ത് വന്ന M/s.PMI Electro Mobility Solution Pvt Ltd നോട് ഒരു ഉദ്യോഗസ്ഥ സമിതി വില പേശുകയും അന്തിമ വിലയായി 92.43 ലക്ഷം രൂപ നിശ്ചയിക്കുകയും ചെയ്തു. ഈ ബസുകൾക്ക് കേന്ദ്ര മോട്ടോർ വാഹന നിയമം 1989-ലെ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര ടെസ്റ്റിംഗ് ഏജൻസി ആയ iCAT (International Centre for Automotive Technology ) പരിശോധിച്ച് Type approval സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ളതാണ്. കേരളാ മോട്ടോർ വാഹന വകുപ്പ്, പ്രസ്തുത സർട്ടിഫിക്കറ്റും ബസും പരിശോധനയ്ക്ക് വിധേയമാക്കിയാണ് കേരളത്തിൽ ഈ വാഹനം രജിസ്റ്റർ ചെയ്തിട്ടുള്ളത്.<br><br>ദർഘാസ് വ്യവസ്ഥ പ്രകാരം ബസ് നിർമ്മാണ സമയത്ത് കെ.എസ്.ആർ.ടി.സി.യിലെയും കെ.എസ്.ആർ.ടി.സി.–സ്വിഫ്റ്റ്–ലെയും ഓഫീസർമാർ ബസ് നിർമ്മാണത്തിന്റെ വിവിധ ഘട്ടത്തിൽ ദർഘാസിലെ സ്പെസിഫിക്കേഷൻ പ്രകാരമാണോ ബസുകൾ നിർമ്മിക്കുന്നതെന്ന് ബസ് നിർമ്മാണ കമ്പനിയായ M/s. PMI Electro Mobility Solutions Pvt. Ltd.–ന്റെ പ്ലാന്റിൽ പരിശോധന നടത്തി അവരുടെ റിപ്പോർട്ട് ലഭിച്ചശേഷം മാത്രമാണ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചത്. |
| (ഡി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക്ക് ബസ്സുകൾ വാങ്ങിയതിന് ശേഷം പ്രസ്തുത കമ്പനി ആസ്ഥാനത്ത് എത്തിയ ബസ്സുകളുടെ ഗുണനിലവാരം മാനേജ്മെന്റ് വിദഗ്ദ്ധ സമിതി | (ഡി) | കെ.എസ്.ആർ.ടി.സി.–സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രസ്തുത ബസ്സുകൾ കെ.എസ്.ആർ.ടി.സി.യിൽ നിന്നുള്ള ഉദ്യോഗസ്ഥർ ടെണ്ടർ വ്യവസ്ഥകൾ പ്രകാരമുള്ള |

| | | | |
|---|---|---|---|
| | പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | | നിലവാരം പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസ് വ്യവസ്ഥ പ്രകാരം ടി ബസ്സുകളുടെ മൂന്നു മാസത്തെ (01.08.2022 മുതൽ 31.10.2022 വരെ) പ്രവർത്തന നിലവാരം പരിശോധിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യിലെയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെയും ഏഴ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സമിതിയെ നിയോഗിക്കുകയും ടി സമിതി ബസ്സുകളുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.<br><br>ടി സമിതി വിലയിരുത്തിയതിൽ ഈ ബസ്സുകൾ പ്രധാന പരാമീറ്ററുകൾ തൃപ്തികരമായി പിൻതുടരുന്നുവെന്ന് ബോധ്യപ്പെട്ടുത്തിയിട്ടുണ്ട്. അതുപോലെ ഈ ബസിന്റെ വിലയുടെ 40% നൽകുന്നത് 3 മാസം ബസ്സുകൾ ഇവിടെ നിരത്തിൽ ഓടിച്ചതിനുശേഷം satisfactory എന്ന് കണ്ടതിനുശേഷം മാത്രമാണ്. |

സെക്ഷൻ ഓഫീസർ

सत्यमेव जयते

**GOVERNMENT OF INDIA**
**MINISTRY OF CORPORATE AFFAIRS**

Central Registration Centre

# Certificate of Incorporation

[Pursuant to sub-section (2) of section 7 and sub-section (1) of section 8 of the Companies Act, 2013 (18 of 2013) and rule 18 of the Companies (Incorporation) Rules, 2014]

I hereby certify that KSRTC - SWIFT LIMITED is incorporated on this Ninth day of November Two thousand twenty-one under the Companies Act, 2013 (18 of 2013) and that the company is limited by shares.

The Corporate Identity Number of the company is U60300KL2021SGC072171.

The Permanent Account Number (PAN) of the company is **AAJCK1376M** *

The Tax Deduction and Collection Account Number (TAN) of the company is **TVDK03734D** *

Given under my hand at Manesar this Tenth day of November Two thousand twenty-one .

DS MINISTRY OF CORPORATE AFFAIRS 6

Digital Signature Certificate
SHYAM NARAYAN TIWARY
DEPUTY REGISTRAR OF COMPANIES
For and on behalf of the Jurisdictional Registrar of Companies
Registrar of Companies
Central Registration Centre

Disclaimer: This certificate only evidences incorporation of the company on the basis of documents and declarations of the applicant(s). This certificate is neither a license nor permission to conduct business or solicit deposits or funds from public. Permission of sector regulator is necessary wherever required. Registration status and other details of the company can be verified on www.mca.gov.in

---

Mailing Address as per record available in Registrar of Companies office:

KSRTC - SWIFT LIMITED
Transport Bhavan, Fort, Thiruvananthapuram, Thiruvananthapuram, Kerala,
India, 695023

* as issued by the Income Tax Department